**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2856** **18-03-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്‍കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ഫണ്ടുമായി ബന്ധപ്പെട്ട് വ്യാപക ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി ഫണ്ടുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും പ്രസ്തുത ഫണ്ട് തട്ടിപ്പിൽ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ചുമുള്ള വിവരം ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ; | (ബി) | പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണത്തിന്റെ പുരോഗതി റിപ്പോർട്ട് തിരുവനന്തപുരം, സിറ്റി ഇൻസ്പെക്ടർ ജനറൽ & കമ്മീഷണർ ഓഫ് പോലീസിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഫണ്ട് തട്ടിപ്പിൽ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്; | (സി) | പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വകുപ്പ് ഓഡിറ്റ്, വിജിലൻസ് വിഭാഗങ്ങൾ മുഖേന വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ യഥാസമയം പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ വിഷയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്തിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ശരിയായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ വകുപ്പിന്റെ ഡാറ്റാ ബേസിൽ നിന്നും വരുന്നതിനാൽ ബാങ്ക് അക്കൗണ്ട് നമ്പർ വ്യത്യാസം വരുത്തുവാൻ കഴിയുകയില്ല. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ് ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ച |

| | | | |
|---|---|---|---|
| | | | എന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പിലെ പ്രമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികളും, അതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും, വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനം സഹായകരമാകുന്നുണ്ട്. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് മുൻഗണനാക്രമം നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഊരുകൂട്ടങ്ങളെയാണ്. ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻസ്പെയ്സ് എന്ന സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്. പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ആഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണ്. വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ (DBT) മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ